# സമന്വയം

## DIGITAL MAGAZINE



little KITEs

*GHSS Karakkunnu*



# ആശംസകൾ.....

ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നതിൽ അതിയായ സന്തോഷമുണ്ട്. കുട്ടികളുടെ സർഗവാസനകളെ പരിപോഷിപ്പിക്കുവാനും അറിവിന്റെ ചക്രവാളങ്ങളിലേക്ക് ഉയർത്താനും സാധിക്കുമാകട്ടെ.

ഭാവനയും അഭിരുചിയും സർഗ്ഗാത്മകതയും ഒന്ന് ചേർന്നിരിക്കുന്ന ' സമന്വയം ' എന്ന ഈ ഡിജിറ്റൽ മാഗസിൻ നാൾവഴിയിലെ ഒരു മുതൽക്കൂട്ടാണെന്നു ഞാൻ വിശ്വസിക്കുന്നു. മാഗസിൻ മനോഹരമായി അണിയിച്ചൊരുക്കി ഈ സംരംഭത്തിൽ പങ്കാളികളാകുന്ന വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അഭിനന്ദനങ്ങൾ.

**കദീജ ടീച്ചർ**
ഹെഡ്മിസ്ട്രസ്

# സ്കൂളുകളിലെ പ്രവൃത്തിപരിചയ പഠനം: പ്രധാന നേട്ടങ്ങൾ

**സ്കൂളുകളിലെ പ്രവൃത്തിപരിചയ പഠനം നിരവധി പ്രധാന നേട്ടങ്ങൾ വാഗ്ദാനം ചെയ്യുന്നു**



ലേഖനം
**ജംഷീന ടീച്ചർ**

**1. നൈപുണ്യ വികസനം:** ആശയവിനിമയം, ടീം വർക്ക്, പ്രശ്നപരിഹാരം, സമയ മാനേജ്മെന്റ്, പൊരുത്തപ്പെടുത്തൽ എന്നിവ ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന കഴിവുകൾ വികസിപ്പിക്കാൻ തൊഴിൽ പരിചയത്തിൽ ഏർപ്പെടുന്നത് വിദ്യാർത്ഥികളെ സഹായിക്കുന്നു. അക്കാദമിക്, പ്രാഫഷണൽ ക്രമീകരണങ്ങളിൽ വിജയിക്കാൻ ഈ കഴിവുകൾ അത്യന്താപേക്ഷിതമാണ്.

**2. കരിയർ പര്യവേക്ഷണം:** തൊഴിൽ പരിചയ പഠനം വിദ്യാർത്ഥികളെ വിവിധ വ്യവസായങ്ങൾ, തൊഴിലുകൾ, ജോലിസ്ഥലത്തെ സംസ്കാരങ്ങൾ എന്നിവയിലേക്ക് തുറന്നുകാട്ടുന്നു. വിദ്യാർത്ഥികൾക്ക് വ്യത്യസ്ത തൊഴിൽ പാതകൾ പര്യവേക്ഷണം ചെയ്യാനും അവരുടെ താൽപ്പര്യങ്ങളും ശക്തികളും തിരിച്ചറിയാനും അവരുടെ ഭാവി വിദ്യാഭ്യാസത്തെയും തൊഴിൽ തിരഞ്ഞെടുപ്പുകളെയും കുറിച്ച് കൂടുതൽ അറിവുള്ള തീരുമാനങ്ങൾ എടുക്കുന്നതിനും ഇത് അവസരങ്ങൾ നൽകുന്നു.



**3. റിയൽ വേൾഡ് ആപ്ലിക്കേഷൻ:** ക്ലാസ്റൂമിൽ നിന്ന് നേടിയ സൈദ്ധാന്തിക അറിവ് യഥാർത്ഥ ലോകക്രമീകരണങ്ങളിലേക്ക് പ്രയാഗിക്കാൻ വിദ്യാർത്ഥികളെ പ്രവൃത്തി പരിചയ പഠനം അനുവദിക്കുന്നു. ഈ പ്രായോഗിക പ്രയോഗം പ്രഫഷണൽ പരിതസ്ഥിതികളിൽ അവയുടെ പ്രസക്തി പ്രകടമാക്കിക്കൊണ്ട് അക്കാദമിക് ആശയങ്ങളെ മനസ്സിലാക്കാനും ശക്തിപ്പെടുത്താനും സഹായിക്കുന്നു.

**4. നെറ്റ്വർക്കിംഗ് അവസരങ്ങൾ:** തൊഴിൽ പരിചയ പഠനത്തിലൂടെ വിദ്യാർത്ഥികൾക്ക് പ്രഫഷണൽ നെറ്റ്വർക്കുകൾ നിർമ്മിക്കാനും വ്യവസായ പ്രാഫഷണലുകളുമായി ബന്ധം സ്ഥാപിക്കാനും അവസരമുണ്ട്. മെന്റർഷിപ്പ്, ഉപദേശം, ഭാവിയിലെ തൊഴിൽ അവസരങ്ങൾ എന്നിവയ്ക്ക് ഈ കണക്ഷനുകൾ വിലപ്പെട്ട ഉറവിടങ്ങളായിരിക്കും.

**5. തൊഴിൽ നൈതികതയും പ്രാഫഷണലിസവും:** ജോലിപരിചയ പഠനത്തിൽ ഏർപ്പെടുന്നത് ഉത്തരവാദിത്തം, കൃത്യനിഷ്ഠത, പ്രാഫഷണലിസം തുടങ്ങിയ പ്രധാന മൂല്യങ്ങൾ വളർത്തുന്നു. വിദ്യാർത്ഥികൾ ജോലിസ്ഥലത്തെ പ്രതീക്ഷകളും മാനദണ്ഡങ്ങളും പഠിക്കുന്നു, ആത്മവിശ്വാസത്തോടെയും സമഗ്രതയോടെയും പ്രാഫഷണൽ പരിതസ്ഥിതികൾ നാവിഗേറ്റ് ചെയ്യാൻ അവരെ തയ്യാറാക്കുന്നു.

**6.വർദ്ധിച്ച പ്രചാദനവും ഇടപഴകലും:** പ്രവൃത്തിപരിചയ പഠനത്തിൽ പങ്കെടുക്കുന്നത് വിദ്യാർത്ഥികളുടെ പ്രചോദനവും അവരുടെ അക്കാദമിക് പഠനത്തിലുള്ള ഇടപഴകലും വർദ്ധിപ്പിക്കും. വിദ്യാർത്ഥികൾ അവരുടെ ഭാവി കരിയറിന് സ്കൂളിൽ പഠിക്കുന്ന കാര്യങ്ങളുടെ പ്രായോഗിക പ്രസക്തി കാണുമ്പോൾ, അവർ അവരുടെ വിദ്യാഭ്യാസത്തിൽ സജീവമായി ഇടപെടാനും നിക്ഷേപം നടത്താനും സാധ്യതയുണ്ട്.

**7. ഭാവിയിലേക്കുള്ള തയ്യാറെടുപ്പ്:** പ്രവൃത്തിപരിചയ പഠനം വിദ്യാർത്ഥികളെ സ്കൂളിൽ നിന്ന് തൊഴിൽ ശക്തിയിലേക്ക് കൂടുതൽ സുഗമമായി മാറ്റാൻ സഹായിക്കുന്നു. ജോലിസ്ഥലത്തെ ചലനാത്മകത, പ്രതീക്ഷകൾ, വെല്ലുവിളികൾ എന്നിവയിലേക്കുള്ള എക്സ്പോഷർ നേടുന്നതിലൂടെ, വിദ്യാർത്ഥികൾ അവരുടെ ഭാവി കരിയറിൽ വിജയിക്കാനും സമൂഹത്തിലെ ഉൽപ്പാദനക്ഷമമായ അംഗങ്ങളാകാനും നന്നായി തയ്യാറാണ്.

മൊത്തത്തിൽ, ആധുനിക തൊഴിൽ ശക്തിയുടെ ആവശ്യങ്ങൾക്കായി വിദ്യാർത്ഥികളെ സജ്ജമാക്കുന്നതിലും കരിയർ സന്നദ്ധത വളർത്തുന്നതിലും ആജീവനാന്ത പഠനവും വ്യക്തിഗത വികസനവും പ്രാത്സാഹിപ്പിക്കുന്നതിൽ സ്കൂളുകളിലെ പ്രവൃത്തി പരിചയ പഠനം ഒരു പ്രധാന പങ്ക് വഹിക്കുന്നു



# ജലം




**കവിത**

**റിസ്‌വാൻ എൻ**
**8C**


കുടിക്കുവാൻ വേണം ജലം
കുളിക്കുവാൻ വേണം ജലം
നമുക്കലക്കുവാൻ വേണം ജലം
അഴുക്കകറ്റുവാൻ വേണം ജലം

ജലക്ഷാമമിന്നു നാടാകെ രൂക്ഷം
ജനക്ഷേമമതിനാ
ലെത്രയോ കഷ്ടം
അരുതരുത്
ജല ദുരുപയോഗമരുത്

ജലമമൂല്യമാണ്
അത് അറിയുക ജനതേ
ജലമമൂല്യമാണ്
അത് കരുതുക ജനതേ
ജലമമൂല്യമാണത്
മലിനമാക്കരുത് മാനുഷ്യാ
അതു മലിനമാക്കരുത് മാനുഷ്യാ
അതു മലിനമാക്കരുത് മാനുഷ്യാ

**കഥ**

**റന ഫാത്തിമ (8 I)**

# മഞ്ഞിയ ഓർമ്മകൾ

രാത്രിയായിട്ടുണ്ട്. റോഡിൽ നല്ല തിരക്കാണ്. പഴയ ഓർമകൾ ഓരോന്ന് ആലോചിച്ചാണ് ഞാൻ വാഹനം ഓടിക്കുന്നത്. ഹെഡ്‌ലൈറ്റിന്റെ വെളിച്ചത്തിൽ കുറേ ദൂരം മുന്നോട്ടു പോയി. അപ്പോഴാണ് വഴി തെറ്റിയെന്ന് മനസ്സിലാകുന്നത്.

ഇനിയെന്തു ചെയ്യും. വാഹനം തിരിച്ച് പുറകോട്ട് തന്നെ പോകണം. റോഡാണെങ്കിൽ നന്നേ വീതി കുറവ്. റോഡിനിരുവശവും ഓവുചാലുകളുമുണ്ട്. വാഹനം തിരിക്കാൻ ഏറെ പ്രയാസപ്പെട്ടു. തനിച്ചായതിനാൽ ഉള്ളിൽ ചെറിയ ഭയവുമുണ്ട്.

പതിയെ തിരിക്കുന്നതിനിടയിലാണ് ഹെഡ്‌ലൈറ്റിന്റെ വെളിച്ചത്തിൽ മുന്നിലെ വഴി ശ്രദ്ധയിൽ പെട്ടത്. ഒരു വീട്ടിലേക്കുള്ള വഴിയാണത്. ഈ വഴി ഏറെ പരിചയമുണ്ടല്ലോ എന്ന് മനസ്സ് പറഞ്ഞു. വാഹനം റോഡിന് ഓരം ചേർത്ത് നിർത്തി പുറത്തിറങ്ങി. അരണ്ട വെളിച്ചത്തിൽ ആ വീടും മുറ്റവും കണ്ടു. ഓർമകൾക്ക് ചിറക് വെച്ചതുപോലെ. പതിയെ കാലുകൾ മുന്നോട്ട് ചലിച്ചു. കുട്ടികളുടെ കളിയും



ചിരിയും ആർപ്പുവിളിയുമെല്ലാം കേൾക്കുന്നു. ആകെ ബഹളമയം. എല്ലാം പരിചിതമായ ശബ്ദങ്ങൾ.

അവിടെ നിന്ന് അടുക്കള പുറത്തേക്ക് കാണാം. സ്ത്രീകളെല്ലാം തിരക്കിട്ട ജോലികളിലാണ്. മുറ്റത്തെ ചാരു കസേരയിൽ ഒരു കാർന്നോർ ഇരിക്കുന്നുണ്ട്. ഇടയ്ക്കിടെ തോളിലെ മുണ്ട് എടുത്ത് വീശി ചൂടകറ്റുന്നുണ്ട്. തൊട്ടടുത്ത് തലയൊക്കെ മറച്ച് പ്രായമായ ഒരു ഉമ്മ ഖുർആൻ ഓതി കൊണ്ടിരിക്കുന്നു.

ഇവിടെ മുറ്റത്ത് രണ്ട് മാവുകൾ ഉണ്ടായിരുന്നുവല്ലോ. എന്തോരം മാങ്ങ ഉണ്ടായിരുന്നു അതിൽ. പച്ച മാങ്ങ കല്ലെറിഞ്ഞു വീഴ്ത്താറുണ്ടായിരുന്നു ഞാനും കൂട്ടുകാരും. അതിലേക്കുള്ള മുളകും ഉപ്പുമൊക്കെ അടുക്കളയിൽ നിന്ന് അടിച്ച് മാറ്റാനുള്ള ചുമതല എനിക്കായിരുന്നു. ഇത്രയും സ്ത്രീകളുടെ ഇടയിൽ അടുക്കളയിൽ നിന്ന് അതെടുക്കാൻ വലിയ പ്രയാസമായിരുന്നു. എല്ലാം എടുത്ത് പാത്രത്തി

ലാക്കി പോരുമ്പോഴാവും പിന്നിൽ നിന്ന് കള്ളത്തരം പിടിക്കുന്നത്. പിന്നെ ഒറ്റ ഓട്ടമാണ്. 'നിനക്ക് ഞാൻ വെച്ചിട്ടുണ്ട്' എന്നൊരു അലർച്ച പിന്നിൽ നിന്നു കേൾക്കാം. എന്നാൽ പിന്നീട് ഒന്നുമുണ്ടാവില്ല. ഞങ്ങൾ പിന്നെയും പിന്നെയും ആ പണി തുടർന്നു.

ഞങ്ങൾ സാറ്റ് കളിച്ചിരുന്നത് ഈ മാവിന്റെ ചുവട്ടിലായിരുന്നു. മാവിൻമേൽ കണ്ണ് വെച്ച് പൊത്തിയാണ് എണ്ണുന്നത്. ഒന്ന്, രണ്ട്, മൂന്ന്.... എല്ലാവരും ഒളിച്ചോ.

അനക്കം ഒന്നും കേൾക്കുന്നില്ല. പെട്ടെന്നൊരു ശബ്ദം. തിരിഞ്ഞു നോക്കിയപ്പോൾ പഴുത്ത മാങ്ങ. ഓടി ചെയ്യുന്നു. ഒളിച്ച് നിന്നവരും ഓടിവന്നു. മാമ്പഴത്തിന് തല്ലായി. പിന്നെ മാമ്പഴം എല്ലാവരും ഓരോ കടി കടിച്ചു. പഴുക്കുന്നേയുള്ളൂ. ആ മാവ് എവിടെ.

ഇല്ല, അതവിടെ ഇല്ല. ഇല്ല ഒന്നും ഇല്ല. ചുറ്റും ഒന്നും ഇല്ല. ആരും ഇല്ല. ഇരുട്ട് മാത്രം. ഈ വഴി അറിയാത്ത വഴിയല്ല. ഒരുപാട് ഓടി കളിച്ച മുറ്റമാണ്. ഈ തിരക്കിനിടയിൽ മറന്ന് തുടങ്ങിയ ഓർമ്മകളാണ്. ആരോ ഓർമ്മപ്പെടുത്തിയതാണ്. വല്ലാത്ത മനസ്സംഘർഷത്തോടെ പതിയെ അവിടെ നിന്ന് ഇറങ്ങി....



കവിത
**ഷംല എം**

# നന്മകളെ കാത്ത്

തിന്മകൾ കൊടികുത്തി വാഴുന്ന
ഇരുൾ മൂടിയ ഈ ലോകത്ത്
മരവിച്ചിരിക്കുന്ന കുറെ മനുഷ്യ ജന്മങ്ങൾ
ഭൂമി തേങ്ങുന്നു ഇനിയും
ജഡങ്ങൾ സ്വീകരിക്കാൻ വയ്യാതായെനിക്ക്
മനുഷ്യ മനസ്സുകളിലെ നന്മകളെവിടെപ്പോയ്
ഞാൻ കാത്തിരിക്കുന്നു...
നന്മയുള്ളൊരു ലോകത്തിനായി...



**കവിത**

## റിയ റഫീഖ് (8E)

# രാക്ഷസ ലോകം

പെൺകുട്ടികൾക്കിന്ന്
നാട്ടിലിറങ്ങേണ്ട
ഇറങ്ങിയാൽ പിടികൂടും
രാക്ഷസന്മാരവരെ

എന്തിനും ഏതിനും
കൊല്ലാകൊല ചെയ്ത്
പെൺ സമൂഹത്തിൽ
നാശം വിതക്കുന്നു

അപരിചിതരും പരിചിതരും
അവരെ വ്യാജം പറഞ്ഞ്
മയക്കിക്കൊല്ലുന്നു

സദാസമയവും പീഡനവും
കൊലപാതകവും തന്നെ
വാർത്തകളിൽ

എന്തു പിഴച്ചിട്ടാണാ
ക്കൊച്ചുതുമ്പിയെ
അനുരന്നാം രാക്ഷസൻ
വെറുതെ തിന്നുന്നത്

പാറി നടന്നോട്ടെ
ഈ കൊച്ചു ശലഭങ്ങൾ
സദാ ഭൂമി അമ്മക്ക്
മാലാഖമാരായ്.




കഥ

ഫാത്തിമ അൻഫ

(8 I)


# വീഡിയോ ഗെയിം

ഒരു വീഡിയോ ഗെയിമിനെക്കുറിച്ചാണ് ഈ കഥ. കഥയിലെ നടി ജൂലിയ ഒരു ബെസ്റ്റ് ഗെയിമർ ആണ്. ഒരിക്കൽ ജൂലിയ ക്ലബ്ബിൽ ഗെയിം കളിച്ചിരിക്കുമ്പോഴാണ് കൂട്ടുകാരി മരിയ വന്നത്. മതി, നീ കളിച്ചത്. പുറത്തേക്ക് വാ- മരിയ തിടുക്കപ്പെട്ട് അവളെ പുറത്തേക്ക് വിളിച്ചു. ജൂലിയ കളി മതിയാക്കി മരിയയുമൊന്നിച്ച് പുറത്തേക്ക് പോയി. മരിയ പറഞ്ഞു: എന്റെ ബോയ് ഫ്രണ്ട് ഒരു ഗെയിമർ ആയതുകൊണ്ട് ഞാൻ അവനെ ബ്രേക്ക്അപ്പ് ചെയ്തു. ഈ ക്ലബ്ബിൽ നീ മാത്രമാണ് പെൺകുട്ടി ഉള്ളത്. ക്ലബ്ബിലെ ആളുകളെല്ലാം ആദ്യമായിട്ടാണ് ഒരു പെൺകുട്ടി ഇത്ര നന്നായി കളിക്കുന്നത് കാണുന്നത്. അവർ ആകെ അമ്പരന്നു നിൽക്കുകയാണ്. ഒരു ദിവസം ജൂലിയയുടെ മൊബൈലിലേക്ക് ഡെൽറ്റ ടീം മാനേജർ റൂയ് വിളിച്ചു. തന്റെ ടീമിൽ ചേരുകയാണെങ്കിൽ എട്ടു ലക്ഷം യൂറോ തരാമെന്നും പിന്നീട് പ്രതിഫലം വർധിപ്പിക്കാമെന്നും ഓഫർ നൽകി.



എന്നാൽ ഇത് കബളിപ്പിക്കലാകുമോ എന്ന സംശയം ജൂലിയക്കുണ്ടായി.

അടുത്ത ദിവസം തന്നെ ഡെൽറ്റ ടീമും ആൽഫ ടീമും തമ്മിലൊരു മത്സരമുണ്ട്. അത് കാണാൻ ജൂലിയയും മരിയയും പോയി. തന്റെ ഫോണിൽ വിളിച്ചത് റൂയ് തന്നെയാണോ എന്നറിയാൻ ജൂലിയ റൂയിയെ നേരിൽ കണ്ടു. റൂയ് പറഞ്ഞു: ഞാൻ തന്നെയാണ് വിളിച്ചത്. ഞങ്ങളുടെ ടീമംഗം മിംഗിന്റെ കൈ ഒടിഞ്ഞതുകൊണ്ട് ഒരു പകരക്കാരിയെ വേണം. നീ ആലോചിച്ച് തീരുമാനം പറഞ്ഞാൽ മതി.

അപ്പോഴാണ് ഡെൽറ്റ ടീം വരുന്നത്. ഒരുപാട് പേർ അവിടെയുണ്ടായിരുന്നു. ഡെൽറ്റയും ആൽഫയും തമ്മിലുള്ള കളി തുടങ്ങി. ആൽഫ എന്ന ടീമിലാണ് ജൂലിയയുടെ ആദ്യ ബോയ്ഫ്രണ്ട് യാങ് ഉള്ളത്. മത്സരത്തിൽ യാങ്ങിന്റെ ടീം തോറ്റു. അവൻ ജൂലിയയുടെ അടുത്ത് ചെന്ന് ചോദിച്ചു: നീ എന്റെ കളി കാണാൻ മാത്രമാണോ ഇവിടെ വന്നത്? ജൂലിയ പറഞ്ഞു: അല്ല, ഞാൻ ഡെൽറ്റ

ടീമിൽ ചേരുകയാണ്.

ഇതുകേട്ട് യാങ് രോഷാകുലനായി.

യാങ്ങിന്റെ അടുത്ത കളി ഡെൽറ്റ ടീമിനോടാണ്. ജൂലിയയോടുള്ള ദേഷ്യത്തിൽ യാങ് നന്നായി കളിക്കുകയും ഡെൽറ്റയെ പരാജയപ്പെടുത്തുകയും ചെയ്തു. അവർക്ക് കപ്പ് കിട്ടുന്നത് കണ്ട് ഡെൽറ്റ ടീമിൽ നിന്ന് റിട്ടയറായി പോകുന്ന മിംഗ് സങ്കടത്തോടെ സ്റ്റേജിൽ കയറി പറഞ്ഞു: എന്റെ കൈ ഒടിഞ്ഞത് കൊണ്ട് ഞാൻ ടീമിൽ നിന്നും റിട്ടയറായി പോവുകയാണ്.




ഇത് കേട്ട് ജൂലിയക്കു സങ്കടമായി. അവൾ പുറത്തു പോയി ഡെൽറ്റ ടീമിൽ കളിക്കാൻ തയ്യാറാണെന്ന് ടീം മാനേജർ റൂയിയോട് പറഞ്ഞു. തന്റെ കളി സാമഗ്രികളുമെടുത്ത് അവൾ ഡെൽറ്റ ടീമിനു സമീപത്തേക്ക് ചെന്നു. റൂയ് അവളെ ടീമംഗങ്ങൾക്ക് പരിചയപ്പെടുത്തി. ടീമിൽ ഫാറ്റി, ലൂയ്, റൂയ്സ, കെയിൻ, ചെംഗ്, പിന്നെ കോച്ച് മിംഗ് എന്നിവരുണ്ട്.

ചെംഗിനും കെയിനും ജൂലിയ വന്നതിൽ ഇഷ്ടപ്പെട്ടില്ല. അന്ന് രാത്രി ഡെൽറ്റയും മറ്റൊരു ടീമും തമ്മിൽ മത്സരമുണ്ടായിരുന്നു. കളിയിൽ ഡെൽറ്റ പരാജയപ്പെട്ടു. ജൂലിയക്ക് തീരെ ശോഭിക്കാനായില്ല. അന്ന് രാത്രി ജൂലിയക്ക് ഉറക്കം വന്നില്ല. വല്ലാതെ വിഷമിച്ച അവൾ ഗെയിം കളിച്ചു കൊണ്ടേയിരുന്നു. അവസാനം ചെംഗ് വന്ന് അവളെ സമാധാനിപ്പിച്ചു. ചെംഗിന് ജൂലിയയെ ഇഷ്ടമായിരുന്നു.

ദിവസങ്ങൾക്ക് ശേഷം മത്സരം ആരംഭിക്കുകയാണ്. ടീം 'എ'യും ടീം 'ബി'യും. രണ്ട് ടീമിലും ആറ് അംഗങ്ങൾ വീതം. ടീം 'എ'യിൽ നന്നായി കളിക്കുന്ന ചെങ്ങിന് കളി പഠിപ്പിച്ചു കൊടുത്ത ഹൈറോയുടെ ടീമും ഉണ്ട്. പിന്നെ യാങ്ങിന്റെ ടീമും. അങ്ങനെ ടീം എല്ലാം തിരിച്ചു. അവർ വീട്ടിലേക്ക് പോയപ്പോൾ അവിടെ ചെങ്ങിന്റെ സഹോദരൻ ഇരിക്കുന്നുണ്ടായിരുന്നു. ചെങ്ങിന്റെ അമ്മയാണ് ഈ ഗെയിമിന്റെ ആൾ. ടോമിന്റെ സബ്ബ് ആയി കളിക്കാൻ ചെങ്ങിന്റെ സഹോദരനെ ഏൽപ്പിച്ചു. അങ്ങനെ മാച്ച് തുടങ്ങി. എല്ലാ മാച്ചിലും ഡെൽറ്റ വിജയിച്ചു. ജൂലിയ നന്നായി കളിക്കുന്നുണ്ടായിരുന്നു.

ഒരു ദിവസം മാച്ച് കഴിഞ്ഞു പോയപ്പോൾ ജൂലിയ ചെംഗിനോട് പറഞ്ഞു: ഞാൻ കാരണം മുമ്പ് തോറ്റു പോയവരുടെ കൂടെ എനിക്ക് കളിക്കണം. അങ്ങനെ അന്ന് അവർ രാത്രി കളിച്ചു. ജൂലിയക്ക് പേടി ഉണ്ടെങ്കിലും അവൾ ഒറ്റയ്ക്ക് പോയി ആ ടീമിലെ എല്ലാവരെയും നശിപ്പിച്ചു. അതിലും ജൂലിയ കാരണം വിജയിച്ചു. അങ്ങനെ എല്ലാ മാച്ചും കഴിഞ്ഞ് അവസാനത്തെ ഹൈറോയുടെ മത്സരമെത്തി. അവർ തമ്മിൽ ഭയങ്കര കളിയായിരുന്നു. എങ്കിലും ഡെൽറ്റ വിജയിച്ചു. അവർ മിംഗിന്റെ ആഗ്രഹം പോലെ വലിയ കപ്പ് അടിക്കുകയും ചെയ്തു. ചെംഗും ജൂലിയയും പ്രണയത്തിലാവുകയും ചെയ്തു.



# ചിറകുകൾ



**കവിത**
**നൈല മെഹ്റിൻ**
**(9 G)**

പക്ഷികളുടെ ചിറകടി സ്വരം
കേട്ടു നിന്നൊരു പൂച്ച
മനമിലോർത്തു ഒരിടത്തു നിന്ന്
മറ്റൊരിടത്തേക്ക്

ദൈവമെന്തെനിക്കു
പറന്നുയരാൻ ചിറകുകൾ തന്നില്ല?
പുലരിതൻ വെട്ടത്തിൽ കണികാണുന്നതുമാ
മന്ദാസ്മിത ചിറകടി ശബ്ദം.

കാലം മാറും കലചക്രം തിരിയും
അതോടൊപ്പം കുറേ
പ്രതീക്ഷകളുമുയരും
പുത്തൻ പുലരികളും പിറക്കും

സമയമല്പം മുന്നോട്ടു സഞ്ചരിച്ചു
ഒരു മനോഹര പറവ തന്റെ
സ്വന്തം സൗന്ദര്യത്തിലും
ചിറകടി മഹിമയിലും
അഹങ്കാരം നടിച്ചു ഒടുവിൽ
പറവയുടെ ജീവിതയാത്ര
അവസാനിച്ചു.

അപ്പോൾ പൂച്ച മനമിലാരാഞ്ഞു
പരമകാരുണ്യവാനായ
സ്രഷ്ടാവിനു നിലച്ചു പോവാത്തൊരു
പദം ചിറകുകൾ




little KITEs GHSS Karakkunnu Unit